# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2356 – 06/12/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

ചോദ്യം | ഉത്തരം

ശ്രീ. എം. വിൻസെന്റ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പ തിരിച്ചടവിന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് അർഹതയുള്ളവർക്ക് നിശ്ചിത തുക അടയ്ക്കുന്നതിന് ഉപഭോക്താക്കൾക്ക് ബാങ്കിൽ നിന്നും അറിയിപ്പ് നൽകുമോ; ടി നിർദ്ദേശങ്ങൾ പ്രകാരം അടയ്ക്കേണ്ട തുകയേക്കാൾ കൂടുതൽ തിരിച്ചടവ് നടത്തിയവർക്ക് ബാക്കി തുക തിരിച്ച് നൽകുവാൻ തയ്യാറാകുമോ; | പദ്ധതി പ്രകാരം യോഗ്യരാകുന്ന അപേക്ഷകരുടെ ഓൺലൈൻ അപേക്ഷകൾ പോർട്ടലിൽ സ്വീകരിക്കപ്പെടുന്ന സമയം തന്നെ അപേക്ഷകർ ഒടുക്കേണ്ട വിഹിതം സംബന്ധിച്ച വിവരം ബാങ്കുകളിൽ നിന്ന് ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള സംവിധാനം elrs.kerala.gov.in ഓൺലൈൻ പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ധനസഹായം അനുവദിക്കപ്പെടുന്ന മുറയ്ക്ക് അപേക്ഷകർക്ക് പദ്ധതി വഴി ലഭിക്കുന്ന ധനസഹായത്തിന്റെ വിശദ വിവരങ്ങളും ബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനുള്ള സംവിധാനവും പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ബാങ്കുകളെ യഥാസമയം അറിയിക്കുന്നുമുണ്ട്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇതിനകം വായ്പാ ഇനത്തിൽ അടച്ചിട്ടുള്ള യാതൊരു തുകയും തിരികെ നൽകുന്നതല്ല. |
| ബി | വായ്പ ക്ലോസ് ചെയ്യുമ്പോൾ ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് അർഹതയുള്ളവർക്ക് മറ്റ് ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | ബാങ്കുകൾ വായ്പ നൽകുന്നത് വ്യക്തികളുടെ ക്രെഡിറ്റ് സ്കോറിന്റെ അടിസ്ഥാനത്തിലാണ്. എസ്.എൽ.ബി.സി. നൽകിയ വിവരങ്ങളനുസരിച്ച്, സ്റ്റാൻഡാർഡ് അക്കൗണ്ടുകളിൽ വാർഷിക തിരിച്ചടവിന്റെ ഒരു ഭാഗം സർക്കാർ സഹായമായി ലഭിച്ചവരുടെ credit score -ൽ ഇതു പ്രതിഫലിക്കില്ല. കൂടാതെ NPA അക്കൗണ്ടുകളിൽ സർക്കാർ ധനസഹായത്തിനും ശേഷം ബാക്കിവരുന്ന തുക ഇളവില്ലാതെ മുഴുവനായി തിരിച്ചടക്കുന്നവരുടെ credit score -ലും വ്യത്യാസം വരികയില്ല. എന്നാൽ NPA |

| | | |
|---|---|---|
| | | അക്കൗണ്ടുകളിൽ സർക്കാർ ധനസഹായത്തിനു ശേഷം ബാക്കിവരുന്ന തുകയ്ക്ക് ബാങ്ക് ഒറ്റ തവണ തീർപ്പാക്കൽ വഴി മൊത്തമായോ ഭാഗികമായോ ഇളവ് അനുവദിക്കുകയാണെങ്കിൽ അതേപ്പറ്റിയുള്ള പരാമർശം credit score-ൽ പ്രതിഫലി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ